Email:
**contact.seckerala@gmail.com**
**electionker@gmail.com**
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

**18th October 2015**

## ബാലറ്റ് പേപ്പർ അച്ചടി ആരംഭിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥി പട്ടിക പൂർത്തിയായതോടെ ബാലറ്റ് പേപ്പറുകളുടെ അച്ചടി വിവിധ സർക്കാർ പ്രസ്സുകളിൽ ആരംഭിച്ചു. വരണാധികാരികൾ ഓരോ വാർഡിലും ഉൾപ്പെട്ടുവരുന്ന ഒരു പോളിംഗ് സ്റ്റേഷന് അഞ്ച് ബാലറ്റ് ലേബലുകൾ, ടെണ്ടേർഡ് വോട്ടിനായുള്ള 10 ബാലറ്റുകൾ, ആവശ്യാനുസരണമുള്ള പോസ്റ്റൽ ബാലറ്റുകൾ എന്നിവ അച്ചടിക്കണമെന്നാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുള്ളത്. ഇതനുസരിച്ച് സംസ്ഥാനമൊട്ടാകെ തിരഞ്ഞെടുപ്പ് നടക്കുന്ന 21871 തദ്ദേശഭരണ മണ്ഡലങ്ങൾക്കായി ഏഴ് ലക്ഷത്തോളം ബാലറ്റുകൾ അച്ചടിക്കുന്ന നടപടികളാണ് ഇപ്പോൾ നടന്നു വരുന്നത്. തിരഞ്ഞെടുപ്പ് ചട്ടം 13 അനുസരിച്ച് സ്ഥാനാർത്ഥിത്വം പിൻവലിക്കേണ്ട അവസാന ദിവസം വൈകുന്നേരം 3 മണിക്ക് ശേഷം മത്സര രംഗത്ത് അവശേഷിക്കുന്നവരുടെ പട്ടിക 6-ാം നമ്പർ ഫാറത്തിൽ തയ്യാറാക്കി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള പ്രസ്സിൽ അച്ചടിക്കായി നൽകേണ്ടതുണ്ട് എന്ന വ്യവസ്ഥ പ്രകാരമാണ് ബാലറ്റ് അച്ചടി നടന്നു വരുന്നത്.

പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തിരുവനന്തപുരം കോർപ്പറേഷനിലേയും, പാലക്കാട് ജില്ലയിലെ ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റിയിലേയും തിരഞ്ഞെടുത്ത വാർഡുകളിലെ ബാലറ്റ് ലേബൽ, ബാലറ്റ് പേപ്പർ എന്നിവ തമിഴ് ഭാഷയിൽ കൂടിയും കാസർഗോഡ് മുനിസിപ്പാലിറ്റിയിലേത് കന്നഡ ഭാഷയിൽ കൂടിയും അച്ചടിക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. തിരുവനന്തപുരം കോർപ്പറേഷനിലെ വലിയശാല, കരമന വാർഡുകളിലേക്കും ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റിയിലെ അരംഗം, വടക്കത്തറ, ദേവാങ്കപുരം എന്നീ വാർഡുകളിലേയ്ക്കുള്ള ബാലറ്റ് ലേബലും ബാലറ്റ് പേപ്പറുമാണ് തമിഴിൽ കൂടി അച്ചടിക്കേണ്ടത്.

കാസർഗോഡ് മുനിസിപ്പാലിറ്റിയിലെ ചേരങ്കൈ വെസ്റ്റ്, ചേരങ്കൈ ഈസ്റ്റ്, അരുക്കത്ത് ബയൽ, താളിപ്പടുപ്പ്, കറന്തക്കാട്, ആനബാഗിലു, നുള്ളിപ്പാടി, നുള്ളിപ്പാടി നോർത്ത്, അണങ്കൂർ, വിദ്യാനഗർ, ബദിര, ചാല, ചാലക്കുന്ന്, തുരുത്തി, കൊല്ലംപാടി, പച്ചക്കാട്, ചെന്നിക്കര, പുലിക്കുന്ന്, കൊറക്കോട്, ഫിഷ് മാർക്കറ്റ്, ഹൊന്നമൂല, തെരുവത്ത്, പള്ളിക്കാൽ, ഖാസിലേൻ, തളങ്കര ബാങ്കോട്, തളങ്കര ജദീത് റോഡ്, തളങ്കര കണ്ടത്തിൽ, തളങ്കര കെ.കെ. പുറം, തളങ്കര പടിഞ്ഞാർ, തളങ്കര ദീനാർ നഗർ, തായലങ്ങാടി, താലൂക്ക് ഓഫീസ്, ബീരന്ത് ബയൽ, നെല്ലിക്കുന്ന് പള്ളം, കടപ്പുറം സൗത്ത്, കടപ്പുറം നോർത്ത്, ലൈറ്റ് ഹൗസ് എന്നീ 38 വാർഡുകളിലേയ്ക്കുമുള്ള ബാലറ്റ് ലേബൽ, ബാലറ്റ് പേപ്പർ എന്നിവ കന്നഡ ഭാഷയിൽ കൂടിയും അച്ചടിക്കുന്നതാണ്.

***(എസ്.ഇ.സി. 115/2015)***

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ പാലിക്കേണ്ട പൊതുവായ പെരുമാറ്റച്ചട്ടം

തദ്ദേശസ്വയംഭരണ സ്ഥപാനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിൽ പാലിക്കേണ്ട പെരുമാറ്റച്ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തി. വിവിധ ജാതികളും സമുദായങ്ങളും തമ്മിൽ മതപരമോ ഭാഷാപരമോ ആയ സംഘർഷങ്ങൾ ഉളവാക്കുന്നതോ, ഇത്തരം ഭിന്നതകൾക്ക് ആക്കം കൂട്ടുന്നതോ പരസ്പര വിദ്വേഷം ജനിപ്പിക്കുന്നതോ ആയ ഒരു പ്രവർത്തനത്തിലും രാഷ്ട്രീയ കക്ഷികളോ സ്ഥാനാർത്ഥികളോ ഏർപ്പെടുവാൻ പാടില്ല. അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് മൂന്ന് വർഷം വരെ തടവോ പതിനായിരം രൂപ വരെ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ശിക്ഷ ലഭിക്കും.

മറ്റു കക്ഷികളുടെ നേതാക്കൻമാരുടെയും പ്രവർത്തകരുടെയും, പൊതു പ്രവർത്തനവുമായി ബന്ധമില്ലാത്ത സ്വകാര്യ ജീവിതത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് രാഷ്ട്രീയ കക്ഷികളും സ്ഥാനാർത്ഥികളും വിമർശിക്കരുത്. മാത്രമല്ല. അടിസ്ഥാന രഹിതമായതോ, വളച്ചൊടിച്ചതോ ആയ ആരോപണങ്ങൾ ഉന്നയിച്ച് മറ്റ് കക്ഷികളെയും അവയിലെ പ്രവർത്തകരെയും വിമർശിക്കുന്നതും ഒഴിവാക്കണം.

ജാതിയുടേയും സമുദായത്തിന്റെയും പേരിൽ വോട്ട് ചോദിക്കുകയോ, ആരാധനാലയങ്ങൾ തിരഞ്ഞെടുപ്പ് പ്രചാരണത്തിനുള്ള വേദിയാക്കുകയോ ചെയ്യരുത്. ഏതെങ്കിലും സ്ഥാനാർത്ഥിക്കോ സമ്മതിദായകനോ അവർക്ക് താത്പര്യമുള്ള വ്യക്തികൾക്കോ എതിരെ സാമൂഹിക ബഹിഷ്കരണം, സാമൂഹിക ജാതിഭ്രഷ്ട് തുടങ്ങിയ ഭീഷണികൾ പുറപ്പെടുവിക്കരുത്.

സമ്മതിദായകർക്ക് കൈക്കൂലി നൽകുക, ഭീഷണിപ്പെടുത്തുക, സമ്മതിദായകരായി ആൾമാറാട്ടം നടത്തുക, മുനിസിപ്പാലിറ്റിയുടെ കാര്യത്തിൽ പോളിംഗ് സ്റ്റേഷന്റെ 100 മീറ്റർ മീറ്ററിനുള്ളിലും പഞ്ചായത്തിന്റെ കാര്യത്തിൽ 200 മീറ്ററിനുള്ളിലും വോട്ടെടുപ്പ് ദിനത്തിൽ വോട്ട് അഭ്യർത്ഥിക്കുക, ഏതെങ്കിലും സ്ഥാനാർത്ഥിക്കുവേണ്ടി തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാതിരിക്കാൻ സമ്മതിദായകനെ പ്രേരിപ്പിക്കുക, വോട്ടെടുപ്പ് അവസാനിപ്പിക്കുന്നതിന് നിശ്ചയിച്ച സമയത്തിന് തൊട്ടുമുമ്പുള്ള 48 മണിക്കൂർ പൊതുയോഗങ്ങൾ നടത്തുക, പോളിംഗ് സ്റ്റേഷനിലേയ്ക്കും അവിടെ നിന്ന് തിരിച്ചും സമ്മതിദായകരെ വാഹനങ്ങളിൽ കൊണ്ടുപോകുക തുടങ്ങിയവ നിയമപ്രകാരം കുറ്റകൃത്യമായി കണക്കാക്കും.

വ്യക്തികളുടെ അഭിപ്രായങ്ങളിലും പ്രവർത്തനങ്ങളിലും പ്രതിഷേധം രേഖപ്പെടുത്തുന്നതിനായി അവരുടെ വീടുകൾക്ക് മുമ്പിൽ പ്രകടനങ്ങൾ സംഘടിപ്പിക്കുക, പിക്കറ്റ് ചെയ്യുക തുടങ്ങിയ രീതികൾ അവലംബിക്കരുത്.

ഒരു വ്യക്തിയുടെ സ്ഥലം, കെട്ടിടം, മതിൽ തുടങ്ങിയവ അയാളുടെ അനുവാദം കൂടാതെ ബാനർ, കൊടിമരം എന്നിവ നാട്ടുന്നതിനോ പരസ്യം ഒട്ടിക്കുന്നതിനോ, മുദ്രാവാക്യങ്ങൾ എഴുതുന്നതിനോ ഉപയോഗിക്കാൻ രാഷ്ട്രീയ കക്ഷികളോ സ്ഥാനാർത്ഥികളോ അവരുടെ അനുയായികളെ അനുവദിക്കാൻ പാടില്ല.

സർക്കാർ ഓഫീസുകളിലും അവയുടെ കോമ്പൗണ്ടിലും പരിസരത്തും ചുവർ എഴുതാനോ പോസ്റ്റർ ഒട്ടിക്കാനോ, ബാനർ, കട്ട് ഔട്ട് തുടങ്ങിയവ സ്ഥാപിക്കാൻ പാടില്ല. പൊതുസ്ഥലത്ത് പരസ്യങ്ങളും ബോർഡുകളും പ്രചാരണോപാധികളും സ്ഥാപിക്കുന്നതിന് തടസ്സമില്ലെങ്കിൽ അവിടെ പരസ്യങ്ങൾ സ്ഥാപിക്കുന്നതിന് എല്ലാ രാഷ്ട്രീയ കക്ഷികൾക്കും തുല്യ അവസരം നൽകണം. പ്രത്യേക കക്ഷിക്കോ സ്ഥാനാർത്ഥിക്കോ മാത്രമായി ഒരു പൊതു സ്ഥലവും മാറ്റിവച്ചിട്ടില്ലെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തണം.

രാഷ്ട്രീയ കക്ഷികളോ സ്ഥാനാർത്ഥികളോ ഏതെങ്കിലും പൊതുസ്ഥലമോ സ്വകാര്യസ്ഥലമോ പരസ്യങ്ങൾ, മുദ്രാവാക്യങ്ങൾ എന്നിവ എഴുതി വികൃതമാക്കിയതായി പരാതി ലഭിച്ചാൽ അവ ഉടൻ നീക്കം ചെയ്യാൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നോട്ടീസ് നൽകേണ്ടതാണ്. നോട്ടീസ് ലഭിച്ചിട്ടും അവ നീക്കം ചെയ്തില്ലെങ്കിൽ നടപടി സ്വീകരിയ്ക്കണം. അതിന് വേണ്ടി വരുന്ന ചെലവ് ബന്ധപ്പെട്ട സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ചെലവിനോട് ചേർക്കണം.

*(എസ്.ഇ.സി... 116/2015)*